


## ശ്രുതിലയം-2008

വനിതാവേദി കുവൈറ്റിൻെറ ആഭിമുഖ്യത്തിൽ 2008 ഏപ്രിൽ 4-ാം തീയതിശ്രുതിലയം 2008 സംഘടിപ്പിച്ചു അബ്ബാസ്സിയ ഭാരതീയ വിദ്യാഭവൻ ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച ശ്രുതിലയം വ്യത്യസ്ത പരിപാടികളാൽ സമ്പുഷ്ടമായിരുന്നു.

പ്രശസ്ത നൃത്തകിയും, സംഗീതജ്ഞയുമായ ശ്രീമതി. രാജശ്രീ വാര്യർ മുഖ്യാതിഥിയായിരുന്നു. ഇൻഡ്യൻ എംബസ്സി ഫസ്റ്റ് സക്രട്ടറി ശ്രീ. കെ. എൻ. റാവു ശ്രുതിലയം-2008 ഉദ്ഘാടനം ചെയ്തു.മലയിൽ മൂസക്കോയ, ശ്രീമതി റബിസ, ആർ. രമേശ്, എന്നിവർ ആശംസകൾ നേർന്നു. പ്രസിഡൻറ് ഗീതാ ജയകുമാറുൻെറ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ ശ്രുതിലയം ജന:കൺവീനർ ശ്രീമതി സജിതാ സ്കറിയ സ്വാഗതം ആശംസിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ ശ്രീമതി. ലൂസിതോമസ്സ്, ജാസി ഷംസുദ്ദീൻ, സരള എസ്.പിള്ള അനുശോചന കുറിപ്പുകൾ വായിച്ചു.

വനിതാവേദി ജന:സക്രട്ടറി പ്രസന്ന രാമഭദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. വനിതാവേദിയുടെ സുവനീർ കൺവീനർ വത്സമ്മ ജോർജ്ജ് രാജശ്രീ വാര്യർക്ക് നൽകി പ്രകാശനം ചെയ്തു. വനിതാവേദി കുടുംബാംഗമായ അഞ്ജലി ജയകുമാറിനെ വേദിയിൽ വച്ച് ആദരിച്ചു. ശ്രീമതി ശാന്ത ആർ. നായർ നന്ദി പ്രകാശിപ്പിച്ചു.

ശ്രുതിലയം-2008ൻെറ മുന്നോടിയായി സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചന മത്സരം സംഘടിപ്പിക്കുകയുണ്ടായി. പ്രമുഖ കാർട്ടൂണിസ്റ്റ് ടോം ചിത്രരചന മത്സരം ഉദ്ഘാടനം ചെയ്തു. ശ്രീമതി. രതിദിനേശ് ചിത്രരചന മത്സരങ്ങൾക്ക് നേതൃത്വം നൽകി.

12 മണിമുതൽ 4 മണിവരെ വ്യത്യസ്തമായ കലാപരിപാടികൾ അരങ്ങേറി, മുഖ്യാതിഥി രാജശ്രീവാര്യരുടെ നൃത്തവും, സംഗീതകച്ചേരിയും പരിപാടിയുടെ പ്രധാന ആകർഷതയായിരുന്നു.

കലാപരിപാടികൾക്ക് ശേഷം നടന്ന സമാപന സമ്മേളനത്തിൽ ശ്രീമതി. ഷാർലറ്റ് ആൽബർട്ട് അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി. ശ്യാമള നാരായണൻ സ്വാഗതം ആശംസിച്ചു. ചിത്രരചന മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽവച്ച് സമ്മാനിച്ചു. ശ്രീ. സാംപൈനുംമൂട് വിജയികളെ പ്രഖ്യാപിച്ചു. വനിതാവേദി പുറത്തിറക്കിയ റാഫിളിൻെറ നറുക്കെടുപ്പും പ്രസ്തുത വേദിയിൽ വച്ച് നടത്തുകയുണ്ടായി.




ശ്രുതിലയം - 2008ൽ നിന്ന്



സദസ്സ്